


# വിചിന്തനം

ഏപ്രിൽ 2024

''അച്ചാ, ഈ ലാപ്ടോപ്പിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റം (ഒഎസ്) തകരാറിലായി. ചില ഫയലുകൾ കേടായതോ അല്ലെങ്കിൽ ചില സോഫ്റ്റ്‌വെയർ ബഗ്ഗോ ആകാം ഇതിന് കാരണമായത്. അതുകൊണ്ടു ഒഎസ് റീഇൻസ്റ്റാൾ ചെയ്യണം.'' സർവീസ് ടെക്നീഷ്യന്റെ വാക്കുകൾ ഇടയ്ക്കിടെ എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. എന്റെ ലാപ്ടോപ്പ് മാത്രമല്ല, ഹൃദയത്തിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റവും വൃത്തിയോടെയും പുതുതാക്കിയും സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ദൈവാത്മാവ് എന്നെ ഓർമപ്പെടുത്തുകയായിരുന്നു.

കംപ്യൂട്ടറിന്റേതുപോലെ നമുക്കും ഒരു ഓപ്പറേറ്റിങ് സിസ്റ്റം (ഒഎസ്) ഉണ്ടെങ്കിലോ? നമ്മുടെ പ്രവൃത്തികളെല്ലാം ഈ ഒഎസിന്റെ ഗുണങ്ങളെ ആശ്രയിച്ചിരിക്കും. ദൈവിക ജ്ഞാനമാണ് നമ്മുടെ ആന്തരീകമായ ഒഎസ് എങ്കിൽ, വി.യാക്കോബ് പറയുന്നതുപോലെ ശുദ്ധതയും സമാധാനപൂർണതയും കാരുണ്യവുമെല്ലാം നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിക്കും. പലപ്പോഴും ജീവിതത്തിന്റെ പ്രതിസന്ധി നിമിഷങ്ങളിലാണ് നമ്മുടെ ഒഎസിന്റെ തനതായ ഗുണം പുറത്തുവരുന്നത്. അമർഷവും അസൂയയും വിഭാഗീയതയുമൊക്കെയാണ് നമ്മിൽ നിന്നു പുറത്തുവരുന്നതെങ്കിൽ സംശയംവേണ്ട, നമ്മുടെ ഒഎസ് റീഇൻസ്റ്റാൾ ചെയ്യേണ്ടതായിട്ടുണ്ട്. പന്തക്കുസ്തയുടെ ഈ ഒരുക്കസമയമല്ലേ അതിനേറ്റവും അനുയോജ്യം?

അനുദിന സഹായവിതരണത്തെച്ചൊല്ലി ഗ്രീക്കുകാരും ഹെബ്രായരും തമ്മിലുണ്ടായ തർക്കത്തെത്തുടർന്ന് ആദിമസഭ നേരിട്ട ഒരു ആഭ്യന്തര പ്രതിസന്ധി അപ്പസ്തോല പ്രവർത്തനങ്ങളിൽ (6,1-7) വിവരിക്കുന്നുണ്ട്. ഈ വിഷയത്തിൽ അപ്പസ്തോലൻമാരുടെ നിലപാട്, ജ്ഞാനത്തോടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നതിനുള്ള ഉത്തമ മാതൃകയാണ്. ജ്ഞാനം നമുക്ക് എല്ലാ വിഷയങ്ങളിലും ഒരു ദൈവിക കാഴ്ചപ്പാട് നൽകുന്നു. ഏതൊരു പ്രശ്നത്തിനും ദൈവികമായ പരിഹാരമുണ്ടാക്കാനും അത് നമ്മെ സഹായിക്കും.

പ്രശ്നത്തെ നേരിട്ട് അഭിമുഖീകരിക്കുക എന്നതാണ് ഈ വചനഭാഗം നൽകുന്ന ആദ്യപാഠം. അപ്പസ്തോലൻമാർ പ്രശ്നം കണ്ടില്ലെന്നു നടിക്കുകയോ, അതിൽ ഇടപെടാൻ വൈകുകയോ ചെയ്യുന്നില്ല. പകരം, ധൈര്യത്തോടെ, ജ്ഞാനത്തോടെ, ഉറച്ചമനസ്സോടെ ആ സാഹചര്യത്തെ നേരിടുന്നു. അവർ ശിഷ്യസമൂഹത്തെ വിളിച്ചുചേർത്ത് നിലപാട് വ്യക്തമാക്കി. ''ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷകാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നത് ഞങ്ങൾക്ക് ഉചിതമല്ല.'' വിശ്വാസിസമൂഹത്തിൽ ഉണ്ടാകാമായിരുന്ന വിഭാഗീയതയും അനൈക്യവും ഈ സമയോചിത സമീപനത്തിലൂടെ പരിഹരിക്കപ്പെടുകയായിരുന്നു.

രണ്ടാമത്തെ പാഠം മുൻഗണനകൾ തീരുമാനിക്കുന്നതിനെക്കുറിച്ചാണ്. പ്രശ്നത്തെ കൈകാര്യം ചെയ്യുമ്പോൾ പ്രാർഥനയ്ക്കും വചനശുശ്രൂഷയ്ക്കുമാണ് തങ്ങൾ മുൻഗണന നൽകേണ്ടതെന്ന് അപ്പസ്തോലൻമാർക്ക് ഉറച്ച ബോധ്യമുണ്ട്. മേശകളിൽ ഭക്ഷണം വിളമ്പുന്നതും ഒരു പ്രധാന ശുശ്രൂഷയാണെങ്കിലും വിളിക്കപ്പെട്ടതിലേക്കും അവശ്യമായതിലേക്കും ശ്രദ്ധകേന്ദ്രീകരിക്കാൻ ജ്ഞാനം അവരെ സഹായിക്കുന്നു. ഈ ബോധ്യത്തിൽ ഭക്ഷണവിതരണത്തിന്റെ ഉത്തരവാദിത്വം അവർ അനുയോജ്യരായവരെ ഏൽപിക്കുകയാണ്. ദൈവികമായ മുൻഗണനകളോട് നമ്മുടെ പ്രവൃത്തികൾ ചേർന്നുപോകേണ്ടത് എങ്ങനെയെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

ചുമതലകളുടെ ക്രിയാത്മകമായ കൈമാറ്റമാണ് മൂന്നാമത്തെ പാഠം. അപ്പസ്തോലൻമാർ പറയുന്നു, ''സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ തിരഞ്ഞെടുത്ത് അവരെ ഈ ചുമതല ഏൽപിക്കാം.'' ഇവിടെ നാം കാണുന്നത് വെറുമൊരു പരിഹാരമല്ല, ജ്ഞാനം എന്ന ദൈവീകദാനം അവരെ നയിച്ചത് ഏറ്റവും മികച്ച പരിഹാരത്തിലേക്കാണ്. പ്രശ്നം പരിഹരിക്കപ്പെട്ടു എന്നുമാത്രമല്ല, മറ്റുള്ളവർക്ക് നേതൃത്വത്തിലേക്കു വളരാൻ ഒരു അവസരവും സൃഷ്ടിക്കപ്പെട്ടു.

ഓരോരുത്തരുടെയും പ്രധാന വിളിയെക്കുറിച്ച് അവബോധമുണ്ടാവുകയെന്നതാണ് നാലാമത്തെ പാഠം. അപ്പസ്തോലൻമാർ പല ചുമതലകൾ പലരെയായി ഏൽപിക്കുന്നുണ്ട്. എന്നാൽ പ്രാർഥനയുടെയും വചനപ്രഘോഷണത്തിന്റെയും ശുശ്രൂഷകളിൽനിന്ന് അവർ ഒരിക്കലും ഒഴിവാകുന്നില്ല. കാരണം പ്രാർഥനയും വചനപ്രഘോഷണവും ദൈവവുമായുള്ള കൂട്ടായ്മയുടെ സമയമാണെന്ന് അവർ അറിഞ്ഞിരുന്നു. ഇതിനായി സമയം മാറ്റിവച്ചില്ലെങ്കിൽ തങ്ങളുടെ നേതൃത്വം വിഫലമാകുമെന്നും അവർ മനസ്സിലാക്കിയിരുന്നു. ദൈവവുമായി വ്യക്തിപരമായി ചെലവഴിക്കുന്ന സമയമാണ് അവരെ ദൈവീകജ്ഞാനത്തിൽ വളരാൻ സഹായിച്ചത്. ജീവിതത്തിലെ നിരവധി ഉത്തരവാദിത്തങ്ങൾ നമ്മോട് സമയം ആവശ്യപ്പെടുമ്പോൾ ഏറ്റവും പ്രധാന ചുമതലയിലേക്ക് എത്രത്തോളം ശ്രദ്ധിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്?

അഞ്ചാമത്തെ പാഠം ശുശ്രൂഷാഘടനയിൽ മാറ്റംവരുത്താൻ തയാറാകുക എന്നതാണ്. അപ്പസ്തോലൻമാർ മാറ്റത്തെ സ്വാഗതം ചെയ്യുകയാണ്. വളർച്ചയെ സഹായിക്കാനായി ശുശ്രൂഷയുടെ ഘടനയിൽ അവർ മാറ്റങ്ങൾ കൊണ്ടുവരുന്നു. വെല്ലുവിളികളുടെ സമയത്ത് അനുയോജ്യമായ മാറ്റങ്ങൾ സ്വീകരിക്കാനുള്ള സന്നദ്ധതയാണ് സഭയെയും ശിഷ്യസമൂഹത്തെയും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വളരാൻ സഹായിച്ചത്.

വലിയ പ്രതിസന്ധിയിലേക്കു നയിക്കുമായിരുന്ന ഒരു തർക്കം അപ്പസ്തോലൻമാരുടെ ജ്ഞാനപൂർണമായ ഇടപെടൽകൊണ്ട് സമാധാനത്തിലും മറ്റു സത്ഫലങ്ങളിലും അവസാനിച്ചതാണ് നാം ഇവിടെ കാണുന്നത്. അപ്പസ്തോലപ്രവർത്തനങ്ങളിൽ തുടർന്നു കാണുന്നത് ഭക്ഷണവിതരണ ശുശ്രൂഷയുടെ ചുമതല ലഭിച്ച ഏഴുപേരിൽ ഉൾപ്പെട്ട സ്തേഫാനോസും പീലിപ്പോസും പിന്നീട് കരുത്തുറ്റ മിഷനറിമാരായി മാറുന്നതാണ്.

പന്തക്കുസ്തയ്ക്കായി ഒരുങ്ങുമ്പോൾ പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങൾക്കായി, പ്രത്യേകിച്ച് ജ്ഞാനത്തിനായി നമുക്ക് ദാഹിക്കാം. ദൈവികമായ ജ്ഞാനമാണ് നമ്മുടെ ഒഎസ് എങ്കിൽ നാം നേരിടുന്ന സങ്കീർണതകളിൽ സൗന്ദര്യം വിരിയും, പരീക്ഷകൾ അതിജീവനത്തിന്റെ സാക്ഷ്യം പറയും, വിചാരണകൾ വിജയത്തിലവസാനിക്കും, ഇന്നലെകളുടെ ഇരകൾ പ്രത്യാശയുടെ 'ഇന്നിലേക്ക്' ഉയിർത്തെഴുന്നേൽക്കും.

ഫാ. ബിനീഷ് ജോൺ മസിയാസ്

ഡൊമിനിക്കൻ സഭാംഗമായ ഫാ.ബിനീഷ് മഹാരാഷ്ട്രയിലെ ഇഗത്പുരിയിലുള്ള സത്യഗിരി ഡൊമിനിക്കൻ ധാന്യകേന്ദ്രത്തിന്റെ ഡയറക്ടർ ആണ്. പത്താം ബാച്ച് ഫുൾടൈമെർ ആയിരുന്ന അച്ചൻ ഇപ്പോൾ ജീസസ് യൂത്ത് ഇന്ത്യയുടെ ചാപ്ളിനും കൂടിയാണ്.